I ഇ.ബി. XIV - കേരള നിയമസഭ/II-4

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 സെപ്റ്റംബർ 29, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അറിയിപ്പ്

### ഒരേ വിഷയത്തിന്മേലുള്ള അടിയന്തരപ്രമേയാവതരണം

മി. സ്പീക്കർ: ചട്ടം 52 പ്രകാരം പൊതു പ്രാധാന്യമർഹിക്കുന്നതും നിയതവുമായ അടിയന്തര സംഗതിയുടെ ചർച്ചയ്ക്ക് സഭ നിർത്തിവയ്ക്കുന്നതിന് പ്രമേയം അവതരിപ്പിക്കുവാനുള്ള അവകാശം ചില നിയന്ത്രണങ്ങൾക്ക് വിധേയമാണെന്നും ചട്ടപ്രകാരം മാത്രമേ ചെയറിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂവെന്നുമുള്ള വസ്തുതയും ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമ്മിപ്പിക്കുന്നു. നടപടി ക്രമങ്ങൾക്കും

ചട്ടങ്ങൾക്കും വിധേയമാണ് സഭയുടെ നടത്തിപ്പ് എന്നതിനാൽ ഒരേ വിഷയത്തിന്മേൽ ഒന്നിലധികം തവണ അടിയന്തരപ്രമേയാവതരണത്തിന് നോട്ടീസ് നൽകുന്നത് ആശാസ്യമല്ലെങ്കിലും ചെയർ അത് അനുവദിക്കുകയാണ്.

**II അടിയന്തരപ്രമേയം**

**സ്വാശ്രയ വിദ്യാഭ്യാസ കൊള്ള**

<u>മി. സ്പീക്കർ</u>: സ്വാശ്രയ വിദ്യാഭ്യാസക്കൊള്ളയ്ക്കെതിരെ നിയമസഭാ കവാടത്തിൽ എം.എൽ.എ.മാർ ആരംഭിച്ച നിരാഹാര സമരം രണ്ടാം ദിവസത്തിലേയ്ക്ക് കടക്കുകയാണ്. സംയുക്ത കൗൺസിലിംഗ് അനുവദിച്ച ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകാതെയും കേസ് സുപ്രീംകോടതി പരിഗണിച്ചപ്പോൾ കക്ഷിചേരാതെയും സ്വകാര്യ മാനേജ്മെന്റിന്റെ വാദഗതിയെ പിന്തുണയ്ക്കാനും ഈ വർഷം സംസ്ഥാന ഗവൺമെന്റ് അനുവദിച്ച അന്യായമായ ഫീസ് വർദ്ധനവിനെതിരെ വ്യാപകമായ പരാതി ഉണ്ടായിട്ടും ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, വി. കെ. ഇബ്രാഹിംകുഞ്ഞ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സ്വാശ്രയ പ്രശ്നം സുപ്രീം കോടതി പരിഗണിച്ചപ്പോൾ ഗവൺമെന്റ് കക്ഷി ചേർന്നില്ലെന്ന അംഗങ്ങളുടെ പരാമർശം അടിസ്ഥാനരഹിതമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഏകീകൃത കൗൺസിലിംഗിനാവശ്യമായ തുടർ നടപടികളുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ ഫീസ് സംബന്ധിച്ച് മാനേജ്മെന്റ് ഗവൺമെന്റുമായുള്ള ചർച്ച അവസാനിപ്പിച്ച് ഹൈക്കോടതിയെ സമീപിക്കുകയും മാനേജുമെന്റുകൾക്ക് അനുകൂലമായി വിധി വരികയും ചെയ്ത സാഹചര്യത്തിൽ ചർച്ചയിലൂടെ 50% സ്വാശ്രയ മെഡിക്കൽ സീറ്റ് ഗവൺമെന്റിന് വിട്ടുനൽകുന്ന കാര്യത്തിലും ഫീസിന്റെ കാര്യത്തിലും മാനേജ്മെന്റുമായി ധാരണയുണ്ടാക്കി. സുപ്രീം കോടതി നിർദ്ദേശമനുസരിച്ച് സെപ്തംബർ 30-നുമുമ്പ് അലോട്ട്മെന്റ് പൂർത്തിയാക്കുന്ന നടപടിയുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തൊട്ടാകെ ഏകീകൃത കൗൺസിലിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കേസും അമൃത ഡീംഡ് യൂണിവേഴ്സിറ്റിയിലെ അനധികൃത അലോട്ട്മെന്റ് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച കേസും സുപ്രീം കോടതി പരിഗണനയ്ക്കെടുത്തപ്പോൾ വിദഗ്ദ്ധ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സീനിയർ അഡ്വ. ജെ. ജി. ഗുപ്തയും സ്റ്റാൻഡിംഗ് കൗൺസിൽ

അഡ്വ. പ്രകാശും കോടതിയിൽ ഹാജരാകുകയും ഗവൺമെന്റ് നിലപാട് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ഗവൺമെന്റിനനുകൂലമായ വിധി പുറപ്പെടുവിച്ചു. അലോട്ട്മെന്റുമായി ബന്ധപ്പെട്ട് വളരെ വ്യക്തമായ നിലപാടാണ് ഗവൺമെന്റിനുള്ളത്. പ്രതിപക്ഷാംഗങ്ങൾ പൊതുജനങ്ങളെയും സഭയേയും തെറ്റിദ്ധരിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: കേരള നിയമസഭയെയും സമൂഹത്തെയും കണ്ണടച്ചിരുട്ടാക്കുന്ന ഗവൺമെന്റ് നിലപാട് അവസാനിപ്പിക്കണം. ഏകീകൃത കൗൺസിലിംഗുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകി ജനങ്ങൾക്കനുകൂലമായ ഫീസ് സ്ട്രക്ചർ നടപ്പിലാക്കാതെ മാനേജ്മെന്റുകൾക്ക് ഒത്താശ ചെയ്യുന്ന ഗവൺമെന്റ് നിലപാട് പ്രതിഷേധാർഹമാണ്. ഹൈക്കോടതി വിധിയുടെ മറവിൽ ഏകീകൃത മെഡിക്കൽ കൗൺസിലിംഗ് അട്ടിമറിച്ചും അപേക്ഷാ തീയതി മുൻകൂട്ടി പ്രഖ്യാപിച്ചും കോടികൾ കോഴ ആവശ്യപ്പെട്ടും നിരവധി ക്രമക്കേടുകൾ മെഡിക്കൽ പ്രവേശനത്തിൽ നടക്കുകയാണ്. ഇതുസംബന്ധിച്ച് നിരവധി പരാതികളാണ് ജെയിംസ് കമ്മിറ്റിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. കക്ഷി - രാഷ്ട്രീയ ഭേദമെന്യേ സ്വാശ്രയ വിദ്യാഭ്യാസ

കൊള്ളയ്ക്കെതിരെ ശക്തമായ പ്രതിഷേധവുമായി കേരള സമൂഹം രംഗത്തെത്തിയ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം. സ്വാശ്രയ മെഡിക്കൽ മേഖലയിൽ സാമൂഹ്യ നീതി നടപ്പിലാക്കണമെങ്കിൽ പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് കുറയ്ക്കുന്നതിനും സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ചനടത്തുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കണം. ഗവൺമെന്റിന്റെ വിദ്യാർത്ഥി വിരുദ്ധ നിലപാടിനെതിരെ 5 പ്രതിപക്ഷ എം.എൽ.എ.മാർ സഭാകവാടത്തിൽ നിരാഹാരമനുഷ്ഠിക്കുകയാണ്. സുപ്രീംകോടതി വിധിയനുസരിച്ച് അവശേഷിക്കുന്ന സീറ്റുകളിലെങ്കിലും ഏകീകൃത കൗൺസിലിംഗ് നടത്തി പ്രവേശനം നടത്തണമെന്നാവശ്യപ്പെട്ട് ഗവൺമെന്റ് നോട്ടീസ് കൊടുത്താൽ അതിന് മറുപടിപോലും നൽകില്ലെന്ന് മാനേജ്മെന്റ് വെല്ലുവിളിച്ചിരിക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മുഴുവൻ സീറ്റുകളിലും ഏകീകൃത കൗൺസിലിംഗ് വേണമെന്ന സർക്കാർ നിലപാട് ഹൈക്കോടതി നിരസിക്കുകയും 100 ശതമാനം സീറ്റിലും കൗൺസിലിംഗ് നടത്താനുള്ള അനുവാദം മാനേജ്മെന്റിന് ലഭിക്കുകയും ചെയ്തു

സാഹചര്യത്തിൽ സെപ്റ്റംബർ 30-നുമുമ്പ് ഏകീകൃത കൗൺസിലിംഗ് നടത്തണമെന്ന സുപ്രീംകോടതി വിധിയനുസരിച്ച് 50 ശതമാനം മാനേജ്മെന്റ് സീറ്റുകൾ സറണ്ടർ ചെയ്യിച്ച് ഫീസിന്റെ കാര്യത്തിൽ ധാരണയിലെത്താനും അലോട്ട്മെന്റിലേയ്ക്ക് പോകാനും സാധിച്ചു. സുപ്രീം കോടതി വിധിയനുസരിച്ച് നീറ്റ് മെരിറ്റ് അടിസ്ഥാനമാക്കിയാണ് എല്ലാ സീറ്റിലേയ്ക്കും കൗൺസിലിംഗ് നടത്തേണ്ടത്. സ്വകാര്യ-മാനേജ്മെന്റ് സ്ഥാപനങ്ങളിലെ 50 ശതമാനം സീറ്റ് ഗവൺമെന്റിന് നൽകുകയും അതിൽ 20 ശതമാനം ബി.പി.എൽ., എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെടുന്നവർക്കും 5 ശതമാനം എസ്.സി./എസ്.ടി.ക്കുള്ളതുമാണ്. ബാക്കി വരുന്ന 25 ശതമാനത്തിൽ ഓരോ വർഷവും 10 ശതമാനം വീതം വർദ്ധനവുണ്ടായിക്കൊണ്ടിരിക്കും. മുന്നോക്ക/ഇടത്തര വിഭാഗങ്ങൾക്കാണ് ഫീസ് വർദ്ധനവുണ്ടായിട്ടുള്ളത്. പാവപ്പെട്ട കുട്ടികൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. സർക്കാരുണ്ടാക്കിയ കരാർ പാലിക്കാതെ നീറ്റ് മെരിറ്റ് അട്ടിമറിക്കുകയും കൂടുതൽ ഫീസ് വാങ്ങുകയും ചെയ്യുന്ന മാനേജ്മെന്റുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. മാനേജ്മെന്റുമായി ധാരണയുണ്ടാക്കിക്കൊണ്ടുള്ള കരാർ കേരള ഗവൺമെന്റ് ഒപ്പിടുകയും അലോട്ട്മെന്റ് കൃത്യസമയത്ത് പൂർത്തിയാക്കുകയും ചെയ്യണമെന്നാണ് സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): നാലാം കേരള നിയമസഭയിൽ 25-02-1975-ന് സഭാനടപടികൾ ആരംഭിച്ചപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവ് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് എഴുന്നേറ്റുനിന്ന് അഞ്ച് എം.എൽ.എ.-മാർ നിരാഹാരം അനുഷ്ഠിക്കുന്നുവെന്നു പറയുകയും അന്നത്തെ സ്പീക്കർ വിശദമായ പ്രസംഗത്തിനുള്ള അനുമതി നൽകുകയും ചെയ്തു. അതുമാത്രമല്ല, കഴിഞ്ഞ നിയമസഭയിലെ പ്രതിപക്ഷ നേതാവിനും രണ്ടുതവണ ഒഴികെ എഴുന്നേറ്റുനിന്നപ്പോഴെല്ലാം സംസാരിക്കാൻ അവസരം നൽകിയിരുന്നു. അതുകൊണ്ട് പ്രതിപക്ഷ നേതാവെന്ന നിലയിൽ എന്റെ അവകാശത്തെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സ്പീക്കർക്കുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 100 ശതമാനം സീറ്റും ഗവൺമെന്റ് ഏറ്റെടുക്കുമെന്ന സ്ഥിതി വന്നപ്പോൾ മാനേജുമെന്റുകൾ ഹൈക്കോടതിയെ സമീപിക്കുകയും ഗവൺമെന്റിന്റെ വാദം ദുർബലമായതിനാൽ മാനേജുമെന്റുകൾക്ക് അനുകൂലമായ വിധിയുണ്ടാവുകയും ചെയ്തു. സുപ്രീംകോടതിയിൽ പ്രഗത്ഭരായ വക്കീലന്മാരെ വച്ച് വാദിച്ച് ഹൈക്കോടതി വിധി തെറ്റാണെന്ന് സമർത്ഥിക്കാതെ ഗവൺമെന്റിന്റെ

മുമ്പിലുണ്ടായിരുന്ന ലീഗൽ ഓപ്ഷൻ വേണ്ടെന്നുവച്ചത് ശരിയായ നടപടിയല്ല. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധിപ്പിച്ചതിലൂടെ മാനേജുമെന്റുകൾക്ക് കൊള്ളയടിക്കാനുള്ള അവസരമാണ് ഈ ഗവൺമെന്റ് ഒരുക്കിക്കൊടുത്തത്. വിദ്യാർത്ഥികളുടെ ഭാവിയെ കരുതിമാത്രം പ്രവേശന നടപടികൾ അംഗീകരിക്കുന്നുവെന്നാണ് സുപ്രീം കോടതി പറഞ്ഞത്. ഇന്നുമുതൽ സെൻട്രലൈസ്ഡ് കൗൺസിലിംഗ് നടത്താൻ സ്റ്റേറ്റിന് അധികാരമുണ്ട്. മാനേജുമെന്റുകളുമായി ഒത്തുകളിച്ച് വൻതോതിൽ ഫീസ് വർദ്ധിപ്പിച്ചതിനാൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ഡന്റൽ കോളേജുകളിലും അഡ്മിഷനുവേണ്ടി ലേലംവിളിയാണ് നടക്കുന്നത്. ക്യാപിറ്റേഷൻ ഫീ, റീഫണ്ടബിൾ ഡെപ്പോസിറ്റ്, ബാങ്ക് ഗ്യാരന്റി, ഉയർന്ന ഹോസ്റ്റൽ ഫീ എന്നിവ ഓരോ കുട്ടിക്കും കൊടുക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്. നീറ്റിന്റെ മെറിറ്റ് സീറ്റ് അട്ടിമറിച്ചതുൾപ്പെടെയുള്ള പരാതികൾക്കും പരിഹാരം കാണുന്നില്ല. വിദ്യാർത്ഥികളുടേയും പൊതുജനങ്ങളുടെയും രക്ഷകർത്താക്കളുടെയും വികാരം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് പ്രതിപക്ഷം സമരം ചെയ്യുന്നത്. മാനേജുമെന്റിനുവേണ്ടി എന്തും ചെയ്തുകൊടുക്കുന്ന സർക്കാർ നയം തിരുത്തണം. സംസ്ഥാനത്ത് പുതുതായി മൂന്ന് മെഡിക്കൽ കോളേജുകൾ അനുവദിക്കുകയും ചില കോളേജുകളിലെ

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തപ്പോഴാണ് സീറ്റുകളുടെ എണ്ണം വർദ്ധിച്ചത്. 250 കുട്ടികൾക്ക് 25,000 രൂപ സർക്കാർ ഫീസിൽ പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തിയതിന്റെ ഫലമായി ഗവൺമെന്റും മാനേജ്മെന്റും തമ്മിലുള്ള കൂട്ടുകച്ചവടമാണ് പുറത്തുവന്നിരിക്കുന്നത്. ന്യായമായ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ട് അഞ്ച് എം.എൽ.എ.മാർ ഈ സഭാ കവാടത്തിൽ നിരാഹാരം കിടക്കുന്നതിനാൽ അതിനൊരു പരിഹാരമുണ്ടാകുന്നതുവരെ ശക്തമായ സമരങ്ങളുമായി മുന്നോട്ടുപോകും. അതുകൊണ്ട് ഇന്നത്തെ സഭാ നടപടികളുമായി യോജിച്ച് മുന്നോട്ടുപോകാൻ സാധ്യമല്ല.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തിയതിനുശേഷം അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം വാക്കൗട്ട് നടത്തുകയും യു.ഡി.എഫ്. അംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ദീർഘകാലത്തെ പാർലമെന്ററി അനുഭവമുള്ള ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സ്ഥിരമായി ചെയറിന്റെ വിമർശകനായി സഭയ്ക്കകത്തും പുറത്തും

മാറുന്നത് ഖേദകരമാണ്. പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും ചട്ടത്തിന് വിധേയമായി സംരക്ഷിക്കാനുള്ള ബാദ്ധ്യത ചെയറിനുണ്ട്. അത് കൃത്യമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. കീഴ്വഴക്കങ്ങൾ യാന്ത്രികമായി നടപ്പിലാക്കേണ്ടതല്ല. ഇന്നലെ ചോദ്യോത്തരവേള ആരംഭിക്കുന്നതിനുമുമ്പ്, പ്രതിപക്ഷ നേതാവിന് പ്രസംഗിക്കണമെന്നുള്ള അടിയന്തര പ്രാധാന്യം ചെയറിന് ബോദ്ധ്യമാകാത്ത സാഹചര്യത്തിലാണ് ചെയർ അത്തരമൊരു നിലപാട് സ്വീകരിച്ചത്. പ്രതിപക്ഷ നേതാവിനും പ്രതിപക്ഷത്തിനും അവസരങ്ങൾ നൽകുന്നതിൽ ചെയർ ഒരിക്കലും പിശുക്ക് കാണിക്കാറില്ല. അവകാശങ്ങൾ സംരക്ഷിക്കപ്പെടുകതന്നെ ചെയ്യും. പക്ഷേ ചെയറിന്റെ റൂളിംഗിനെ നിരന്തരമായി സഭയ്ക്കകത്തും പുറത്തും ചോദ്യം ചെയ്യുന്നതും വിമർശിക്കുന്നതും ആശാസ്യകരമല്ലായെന്നുകൂടി ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെ അറിയിക്കുന്നു.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) വരൾച്ചയെ നേരിടുന്നതിനുള്ള മുന്നൊരുക്കം

ശ്രീ. ജോർജ് എം. തോമസ് : കേരളത്തിലെ കാലാവസ്ഥയിൽ

സമീപകാലത്ത് സാരമായ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്. ജൂൺ 9-ാം തീയതി മാത്രമാണ് ഈ വർഷത്തെ മൺസൂൺ ആരംഭിച്ചത്. ഈ വർഷം ഇതുവരെ 1343.5 മി.മീ. മഴ മാത്രമാണ് ലഭിച്ചത്. ഇനി ലഭിക്കാൻ അവശേഷിക്കുന്ന തുലാവർഷത്തിൽ പരമാവധി 500 മി.മീ. മഴ മാത്രമാണ് ലഭിക്കുക. കേരളം ഗുരുതരമായ വരൾച്ചയാണ് അഭിമുഖീകരിക്കാൻ പോകുന്നത്. കൃഷിക്കും കുടിവെള്ളത്തിനും ആവശ്യമായ ജലസംഭരണശേഷി വികസിപ്പിക്കുകയും നീർക്കുഴി നിർമ്മാണ പദ്ധതികൾ അടിയന്തരമായി ആരംഭിക്കുകയും ചെയ്യണം. തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നാല് ഏക്കറോളം സ്ഥലത്ത് കേടായ കവുങ്ങ് മുറിച്ചുമാറ്റി നെൽപ്പാടങ്ങളുടെ വീണ്ടെടുപ്പ് നടത്തുകയുണ്ടായി. ഇതുപോലുള്ള പദ്ധതികൾ സംസ്ഥാന വ്യാപകമായി നടപ്പാക്കിയാൽ നെൽപ്പാടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കാനും നെല്ല് ഉല്പാദനവും ജലസംഭരണശേഷിയും വർദ്ധിപ്പിക്കാനും സാധിക്കും. കുഴൽക്കിണർ കുഴിക്കുന്ന പ്രവണത കൃഷിക്കാരുടെയിടയിൽ വർദ്ധിച്ചുവരുന്നത് ഭൂഗർഭജലത്തിന്റെ ലഭ്യത കുറയുന്നതിന് കാരണമാകും. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു പദ്ധതി നടപ്പാക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണം. നെൽപ്പാടങ്ങൾ വീണ്ടെടുക്കുന്നതിന് കൃഷിക്കാർ തയ്യാറായാൽ അതിനാവശ്യമായി വരുന്ന ചെലവ്

സർക്കാർ വഹിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സംസ്ഥാന വരൾച്ചാ നിരീക്ഷണ കേന്ദ്രം വരൾച്ചാ സാധ്യതകൾ സസൂക്ഷ്മം നിരീക്ഷിച്ചുവരികയാണ്. ഈ വർഷം തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ഏകദേശം 32% കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒക്ടോബർ മുതൽ ഡിസംബർ വരെ ലഭിക്കേണ്ട മഴയുടെ 90 മുതൽ 100 ശതമാനം വരെ ലഭിക്കുമെന്ന് സെപ്റ്റംബർ 21-ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പ് പുറപ്പെടുവിച്ച പ്രവചനത്തിൽ പറയുന്നു. മഴയുടെ പ്രാദേശിക ലഭ്യത ഏതുതരത്തിലായിരിക്കുമെന്ന് പ്രവചിക്കുക സാധ്യമല്ല. ആറ് മാസം മഴയും ആറ് മാസം മഴയില്ലാത്ത കാലഘട്ടവും എന്ന രീതിയിലാണ് കേരളത്തിലെ കൃഷി കലണ്ടർ രൂപപ്പെടുത്തിയിട്ടുള്ളത്. വളരെ സാവധാനം ജനജീവിതത്തെ ബാധിക്കുന്ന ദുരന്തമാണ് വരൾച്ചയെന്നതിനാൽ നിരവധി സൂചികകളെ അടിസ്ഥാനപ്പെടുത്തിയാണ് അത് നിരീക്ഷിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 175 കോടി രൂപയുള്ളതിൽ 57 കോടി രൂപ വരൾച്ചയ്ക്കുമാത്രമായാണ് വകയിരുത്തിയിരിക്കുന്നത്. താരതമ്യേന തീവ്രത കുറഞ്ഞ വേനൽക്കാലമുള്ള കേരളത്തിൽ കുടിവെള്ളക്ഷാമവും ശക്തമായ ചൂടും അനുഭവപ്പെടുന്നത് നഗരവൽക്കരണവും സുസ്ഥിരമല്ലാത്ത ഭൂവിനിയോഗവും

നിമിത്തമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. കൂടാതെ തീവ്രമായ രീതിയിൽ നടന്നുവരുന്ന പ്രകൃതി ചൂഷണം നിയന്ത്രിക്കണമെങ്കിൽ ദീർഘകാലാടിസ്ഥാനത്തിൽ സാമൂഹ്യബോധത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതുകൂടി പരിഗണിച്ചാണ് 'ഹരിതകേരളം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ജലസ്രോതസ്സുകൾ പരിപോഷിപ്പിക്കാൻ 'ജലവർഷിനി', 'മഴപ്പൊലിമ' എന്നീ പദ്ധതികൾ ദുരന്തനിവാരണ അതോറിറ്റിയും ജലപരിപോഷണ-കൃഷി സംരക്ഷണ പദ്ധതികൾ മറ്റ് വകുപ്പുകളും നടത്തിവരുന്നുണ്ട്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.23-ന് അല്പസമയത്തേയ്ക്ക് സഭ നിർത്തിവച്ചു.)

(രാവിലെ 10.23-ന് നിർത്തിവച്ച സഭ 11.53-ന് പുനരാരംഭിച്ചു.)

<u>മി. സ്പീക്കർ</u>: സഭാ നടപടികൾ നിരന്തരം തടസ്സപ്പെടുത്തുന്നതും നിയമസഭാ സാമാജകരിൽ അഞ്ച് പേർ സഭാ കവാടത്തിനുമുന്നിൽ സമരം നടത്തുന്നതുമായി ബന്ധപ്പെട്ട് ഭരണ-പ്രതിപക്ഷവുമായി ചർച്ച നടത്തിയെങ്കിലും പൊതുസമവായത്തിലെത്തിച്ചേരാൻ സാധിച്ചില്ലെന്ന വിവരം സഭയെ അറിയിക്കുന്നു.

(സർക്കാർ നിലപാടിനെതിരെ പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ച്

പുറത്തുപോകുകയും ചെയ്തു.)

(സബ്മിഷനുകൾ റദ്ദ് ചെയ്യുകയും ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നതോടൊപ്പം അവ മെമ്പർമാർക്ക് ലഭ്യമാക്കണമെന്ന് ചെയർ അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ തുടർ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി V-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ

അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XII | – | പോലീസ്<br>(1405,56,50,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XIII | - | ജയിലുകൾ<br>(48,75,30,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XIV | - | സ്റ്റേഷനറിയും അച്ചടിയും<br>മറ്റുഭരണപരമായ സർവ്വീസുകളും<br>(176,48,84,000 രൂപ) |

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എം. എം. മണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ട് സർക്കാർ നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

സാധാരണക്കാരിൽ വലിയ പ്രതീക്ഷയാണുണ്ടാക്കിയിരിക്കുന്നത്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുകയും ഓണക്കാലത്ത് കുടിശ്ശികയില്ലാതെ വിതരണം ചെയ്യുകയും ചെയ്ത നടപടി അഭിനന്ദനാർഹമാണ്. വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താനുള്ള നടപടി ശ്ലാഘനീയമാണ്. സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടി സുപ്രീം കോടതി അംഗീകരിച്ചിട്ടുണ്ട്. സ്വാശ്രയപ്രശ്നത്തിൽ നിയമം കയ്യിലെടുക്കുന്ന യു.ഡി.എഫ്. നിലപാട് അംഗീകരിക്കാൻ കഴിയില്ല. ഇടതുപക്ഷ നേതാക്കളെയും പ്രവർത്തകരെയും കള്ളക്കേസിൽ കുടുക്കി പീഡിപ്പിക്കാനാണ് കഴിഞ്ഞ സർക്കാർ നിരന്തരം ശ്രമിച്ചത്. ക്രമസമാധാനപാലനരംഗത്ത് കഴിഞ്ഞ സർക്കാരിൽ നിന്നും തികച്ചും വ്യത്യസ്തമായ സമീപനം സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നാളികേരത്തെ വിലത്തകർച്ചയിൽ നിന്നും ഒഴിവാക്കുന്നതിനും റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും സർക്കാർ തയ്യാറാകണം.

**അറിയിപ്പ്**

<u>മി. സ്പീക്കർ</u> : ചരക്ക് സേവന നികുതി (ജി.എസ്.ടി) നിയമം സംബന്ധിച്ച്

സി.പി.എസ്.റ്റി.-യുടെ ആഭിമുഖ്യത്തിൽ നിയമസഭാംഗങ്ങൾക്കായി സഭാസമ്മേളനത്തിനുശേഷം നടത്താൻ തീരുമാനിച്ചിരുന്ന സെമിനാർ മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവച്ചതായി അറിയിക്കുന്നു.

ശ്രീ. സി. ദിവാകരൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൂടുതൽ സാമ്പത്തിക സഹായങ്ങൾ നൽകി പോലീസ്-ജയിൽ വകുപ്പുകളെ പുനരാവിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കണം. കക്ഷി-രാഷ്ട്രീയ ഭേദമെന്യേ എല്ലാവർക്കും നീതി ലഭിക്കുന്ന രീതിയിൽ ആഭ്യന്തര വകുപ്പിന്റെ ഘടനയിൽ മാറ്റം വരുത്തണം. കഴിഞ്ഞ അഞ്ചുവർഷക്കാലം സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാതിരുന്ന പോലീസ് സേനയ്ക്ക് നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. കുറ്റവാളികളായ പോലീസുദ്യോഗസ്ഥരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കുന്നതോടൊപ്പം മണൽ, അബ്കാരി, ക്വാറി തുടങ്ങിയ മാഫിയകളുമായുള്ള പോലീസ് ബന്ധം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ 'പോലീസ് നയം' ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം. 7-ാം ദേശീയ പോലീസ് കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കുന്നതിനും പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്റ്റുഡന്റ്സ് പോലീസ്, ജനമൈത്രി പോലീസ്

സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. ജനങ്ങളോട് മാന്യമായി പെരുമാറണമെന്ന് പോലീസിന് കർശന നിർദ്ദേശം നൽകണം. ധനാഭ്യർത്ഥന സംബന്ധിച്ച് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗ്യാലറിയിൽ ഉണ്ടാകേണ്ടതാണ്.

<u>ശ്രീ. പി. കെ. ശശി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി പോലീസിന് ജനകീയമുഖം നൽകാൻ ശ്രമിക്കുന്നത് സ്വാഗതാർഹമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് പോലീസിന്റെ പ്രവർത്തന നിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. പോലീസ് സേനയുടെ നവീകരണം കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: കാലഘട്ടത്തിനനുസൃതമായി പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും അഴിമതിക്കാർക്കെതിരെ കർശന നിലപാട് സ്വീകരിക്കുകയും വേണം. എരുമേലി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളുമായി ബന്ധപ്പെട്ട് സമർപ്പിച്ച പരാതിയിന്മേൽ എത്രയുംവേഗം നടപടി സ്വീകരിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതി മുക്ത കേരളം ലക്ഷ്യംവച്ചുള്ള ഈ ഗവൺമെന്റിന്റെ ഭരണം എല്ലാവരാലും

അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലത്തുണ്ടായ വിവാദ ഉത്തരവുകൾ പുനഃപരിശോധിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ജനങ്ങളുടെ സൈ്വര്യജീവിതം ഉറപ്പുവരുത്താനും നിയമവാഴ്ച ഉറപ്പാക്കാനുമായി ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ശ്ലാഘനീയമാണ്. പോലീസ് സേനയ്ക്ക് ജനകീയ മുഖം നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പോലീസ് സേനയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി കുറ്റമറ്റ പോലീസ് സംവിധാനം ഏർപ്പെടുത്തണം. ക്രിമിനൽ കേസുകളിൽ പ്രതിയായ 1200-ലധികംപേർ സംസ്ഥാന പോലീസ് സേനയിലുണ്ടെന്ന പരാമർശം പരിശോധിക്കപ്പെടേണ്ടതാണ്. പോലീസ് സേനയുടെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും പോലീസ് സ്റ്റേഷൻ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ജയിലുകളിലേയ്ക്ക് എത്തുന്ന കുറ്റവാളികളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള ശ്രമം പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകണം. പോലീസ് വകുപ്പിൽ മതിയായ തസ്തിക സൃഷ്ടിക്കുന്നതിനും സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും അഴിമതിയില്ലാതാക്കുന്നതിനുംവേണ്ടി

സർക്കാർ നടത്തുന്ന പോരാട്ടങ്ങൾ സ്വാഗതാർഹമാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അച്ചടി സംവിധാനത്തിൽ മാറ്റം വരുത്തുന്നതിനും കടലാസുകളുടെ ഉപയോഗവും അച്ചടിയും കുറച്ച് ചെലവ് ചുരുക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ജയിലുകൾ നവീകരിക്കുകയും ജയിൽ നിയമങ്ങൾ പരിഷ്കരിക്കുകയും വേണം. ജയിൽ ശിക്ഷ അനുഭവിച്ച പ്രായാധിക്യംചെന്നവരെ മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പോലീസ് വകുപ്പിനുവേണ്ടി ധനാഭ്യർത്ഥനയിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പോലീസ് സേനയുടെ എണ്ണവും ജോലിയിലുള്ള മികവും വർദ്ധിപ്പിക്കണം. പോലീസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നല്ല രീതിയിലുള്ള ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. ഡി. കെ. മുരളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിക്കാരെയും കുറ്റവാളികളെയും സംരക്ഷിക്കുന്ന നിലപാടായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റേതെങ്കിൽ അഴിമതിരഹിത ഭരണമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പുതിയ പോലീസ് നയത്തെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുണ്ടായ

അഴിമതികൾ കണ്ടുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അക്രമരാഹിത്യവും നിശ്ചയദാർഢ്യവുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. അഴിമതിക്കാരെ സംരക്ഷിക്കുന്ന യാതൊരു നിലപാടും സർക്കാർ സ്വീകരിക്കുകയില്ല. പോലീസ് സേനയുടെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനും 'അദർ ഡ്യൂട്ടി'യെ സംബന്ധിച്ച് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം. വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ ഒരു ഡിവൈ.എസ്.പി. സബ്ഡിവിഷൻ ഓഫീസും ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി ഒരു ട്രാഫിക് യൂണിറ്റും ആനാട്-പനവൂർ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷനും അനുവദിക്കണം.

<u>ശ്രീ. ജെയിംസ് മാത്യു</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ട് യാഥാർത്ഥ്യങ്ങളിൽനിന്നും ഒളിച്ചോടുന്ന പ്രതിപക്ഷ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞ ഒരു ഭരണമായിരുന്നു മുൻ സർക്കാർ നടത്തിയിരുന്നതെങ്കിൽ അഴിമതിരഹിതഭരണമാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. മുൻ ഗവൺമെന്റിന്റെ കാലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആവിഷ്കരിച്ച 'സ്ത്രീ അഭിമാൻ', 'നിർഭയ' പദ്ധതികൾ

ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സ്ത്രീ സുരക്ഷയ്ക്കായി ആരംഭിച്ച 'പിങ്ക് ബീറ്റ്' 'പിങ്ക് പട്രോളിംഗ്' പദ്ധതികൾ സ്വാഗതാർഹമാണ്. പോലീസ് സേനയിലെ ഒഴിവുകൾ നികത്തുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും നടപടികളെടുത്ത സർക്കാരിനെ വിമർശിക്കുന്ന പ്രതിപക്ഷ നിലപാടിനോട് യോജിക്കാനാവില്ല. ഇല്ലാത്ത പ്രശ്നങ്ങളെ ഊതിപ്പെരുപ്പിച്ച് പ്രതിപക്ഷം നടത്തുന്ന സമരത്തിനുമുന്നിൽ ഗവൺമെന്റ് വഴങ്ങരുത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ വ്യവസ്ഥകളിൽനിന്ന് വ്യത്യസ്തമായ നിലപാടെടുത്താൽ മാനേജ്മെന്റുകൾക്കെതിരെ വിജിലൻസ് അന്വേഷണം അടക്കമുള്ള കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഏതെങ്കിലും വിദ്യാലയത്തിൽ നിയമവിരുദ്ധമായ കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെയും കർശനമായ നടപടിയെടുക്കുന്നതാണ്. കുറ്റകൃത്യങ്ങൾ ഒഴിവാക്കുന്നതിനുതകുംവിധം ഇന്റലിജൻസ് സംവിധാനം ശക്തമാക്കും. പോലീസ് സേനയ്ക്ക് പ്രൊഫഷണൽ സ്വാതന്ത്ര്യം നൽകിയതിലൂടെ നിരവധി കേസ്സുകളിലെ കുറ്റവാളികളെ കണ്ടെത്താനും ശാസ്ത്രീയ തെളിവുകളുടെ പിൻബലത്തോടെ അവ തെളിയിക്കാനും സാധിച്ചിട്ടുണ്ട്.

പോലീസിന്റെ കുറ്റാന്വേഷണങ്ങൾക്ക് തടസ്സമുണ്ടാക്കുംവിധമുള്ള ഭരണപരമോ രാഷ്ട്രീയപരമോ ആയ യാതൊരുവിധ ഇടപെടലുകളും ഉണ്ടാകില്ല. പോലീസ് സേനയിൽ വ്യക്തികളുടേയോ സംഘങ്ങളുടേയോ വഴിവിട്ട നീക്കം അനുവദിക്കില്ല. മരങ്ങാട്ടുപള്ളി കേസ്സിൽ ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നുള്ള അതിക്രമം അനുവദിച്ചുകൊടുക്കില്ല. ഡ്യൂട്ടി നിർവ്വഹിക്കുന്നതിനിടെ വിഷമാവസ്ഥയിൽപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരോട് എല്ലാവിധ അനുകമ്പയും കാണിക്കുന്നതാണ്. പോലീസ് ഉദ്യോഗസ്ഥർക്കായി നിരവധി ക്ഷേമ നടപടികൾ നടപ്പിലാക്കും. പോലീസിന്റെ കാര്യക്ഷമതയ്ക്ക് ടെക്നോളജിയെ കൂടുതൽ ഉപയോഗപ്പെടുത്തുകയും പോലീസ് ഓഫീസർമാർക്ക് വിദഗ്ദ്ധ പരിശീലനവും ശിൽപ്പശാലകളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ ക്രൈംബ്രാഞ്ച് എന്ന പുതിയ വിഭാഗം രൂപീകരിക്കുന്നതും എല്ലാ ജില്ലകളിലും ഇതിന്റെ ശക്തമായ സാന്നിദ്ധ്യമുണ്ടാകുന്നതുമാണ്. ആഭ്യന്തര സുരക്ഷ, സേവന കർമ്മരംഗം എന്നീ മേഖലകളിൽ ടെക്നോളജി അധിഷ്ഠിത മുന്നേറ്റം സാധ്യമാക്കുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാൻ പുതിയ ടെക്നോളജിയുടെ സഹായത്തോടെയുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കും. പോലീസ് സ്റ്റേഷനുകളെ സമയബന്ധിതമായി പുതിയതും സ്വന്തമായതുമായ

കെട്ടിടങ്ങളിലേയ്ക്ക് മാറ്റാനുള്ള സംവിധാനം ഉണ്ടാക്കും. തീവ്രവാദബാധിത മേഖലകളിൽ സ്റ്റേഷനുകൾക്കുചുറ്റും പ്രതിരോധ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പ്രാമുഖ്യവും മുൻഗണനയും നൽകും. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ റസിഡന്റ്സ് അസോസിയേഷനുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമുണ്ടാകും. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷൻ എന്ന നിലയിലേയ്ക്ക് മാറ്റും. പോലീസ് വിഭാഗത്തിലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം 10 ശതമാനമായി ഉയർത്താൻ നടപടി സ്വീകരിക്കുകയും സേനയിൽ വേണ്ടത്ര പരിഗണന ലഭിക്കാത്ത വിഭാഗങ്ങളായ ക്യാമ്പ് ഫോളോവേഴ്സ്, ബ്യൂഗ്ലേഴ്സ്, ഡ്രമ്മേഴ്സ് തുടങ്ങിയവർക്കുവേണ്ടി ക്ഷേമ നടപടികൾ ആവിഷ്കരിക്കുകയും സ്പെഷ്യൽ റൂൾ ഉണ്ടാക്കുകയും ചെയ്യും. ജനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ പറ്റിയ മാനസികാവസ്ഥയുള്ളയാളെ ഓരോ പോലീസ് സ്റ്റേഷനിലും പബ്ലിക് റിലേഷൻസ് ഓഫീസറായി നിശ്ചയിക്കും. കുട്ടികളെ കടത്തിക്കൊണ്ടുപോകൽ, മയക്കുമരുന്ന് കടത്തലിനായി കുട്ടികളെ ഉപയോഗിക്കൽ എന്നിവ നേരിടുന്നതിനുള്ള സംവിധാനമുണ്ടാക്കും. ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകളെ കണ്ടെത്തി അവരുടെ സുരക്ഷാകാര്യങ്ങൾ ഉറപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കുട്ടികളെയും യുവാക്കളെയും തീവ്രവാദത്തിലേയ്ക്കും ഭീകര പ്രവർത്തനത്തിലേയ്ക്കും റിക്രൂട്ട് ചെയ്യുന്നത് നേരിടാനുള്ള ആസൂത്രിതമായ പദ്ധതികളുണ്ടാക്കും. ട്രാഫിക് അപകടങ്ങൾ കുറയ്ക്കാനുള്ള ഇടപെടലിന്റെ ഭാഗമായി എല്ലാ ഡിവൈഡറുകളിലും മീഡിയനുകളിലും റിഫ്ലക്ടർ പതിക്കുന്നതും ജി.പി.എസ്. സംവിധാനത്തോടുകൂടിയ 10 പുതിയ ഹൈവേ പട്രോൾ വാഹനങ്ങൾ ഇറക്കുന്നതുമാണ്. സ്കൂൾ ബസ്സുകളെ ജി.പി.എസ്. ട്രാക്കിംഗ് സംവിധാനത്തിൻ കീഴിൽ കൊണ്ടുവരും. മണ്ണന്തലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പ്രിന്റിംഗ് പാർക്ക് സ്ഥാപിക്കാനും സർക്കാർ-സ്വകാര്യ മേഖലകളിലെ പ്രിന്റിംഗ് സൗകര്യങ്ങൾ ഏകോപിപ്പിച്ച് കേരളത്തെ ഒരു പ്രിന്റിംഗ് ഡെസ്റ്റിനേഷനാക്കുന്ന രീതിയിൽ അച്ചടി വകുപ്പിനെ ക്രമീകരിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തെ ആധുനികവത്കരിക്കും. അഗ്നിശമന രക്ഷാസേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി അടിയന്തരമായി വാഹനങ്ങളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്. ഉയർന്ന കെട്ടിടങ്ങളിൽ തീപിടുത്തമുണ്ടായാൽ അത് കെടുത്തുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തും. പുഴകളിലും, കായലുകളിലും കടലിലും ഇടയ്ക്കിടെ മുങ്ങിമരണങ്ങൾ ഉണ്ടാകുന്നതിനാൽ ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും പരിശീലനവും നൽകുന്നതാണ്. വിയ്യൂരിൽ പ്രവർത്തിക്കുന്ന ഫയർ

ആന്റ് റസ്ക്യൂ അക്കാഡമി ആധുനികവത്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കും. ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന പ്രധാന പരിശീലന കേന്ദ്രങ്ങളിൽ അഗ്നിശമന സേനാംഗങ്ങളെ പരിശീലനത്തിന് അയയ്ക്കും. ജയിലുകളിലെ മെഡിക്കൽ സഹായ സംവിധാനം ശക്തിപ്പെടുത്താനും താലൂക്ക്-ജില്ലാ ആശുപത്രികളിലുള്ള ഡോക്ടർമാരുടെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കാനും നടപടി സ്വീകരിക്കുന്നതാണ്. അതീവ സുരക്ഷാ ജയിൽ നിർമ്മാണം ഉടൻ പൂർത്തിയാക്കും. തടവുകാരുടെ മാനസിക-ശാരീരിക ആരോഗ്യം ഉറപ്പുവരുത്തുന്നതിന് മാനസികാരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതോടൊപ്പം യോഗ പരിശീലനത്തിനുള്ള നടപടികളും സ്വീകരിക്കും. ജയിലുകളിൽ വരുത്തേണ്ട പരിഷ്കാരങ്ങളെന്തൊക്കെയാണെന്ന് ക്രോഡീകരിച്ച് നിർദ്ദേശിക്കാൻ പുതിയൊരു സമിതിയെ നിയോഗിക്കും. പോലീസ് സേനയിൽ സ്ത്രീകളുടെ എണ്ണം ഉയർത്തുന്നതോടൊപ്പം ഗോത്രമേഖലകളിലും തീരദേശമേഖലകളിലുമുള്ളവരെ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴിയുള്ള ആദ്യ നിയമനം ഗോത്രമേഖലയിൽനിന്ന് നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി 6 പോലീസ് സ്റ്റേഷനുകളിലും 2 സർക്കിൾ ഓഫീസുകളിലും S.H.O, C.I തസ്തികകളിൽ

സ്ത്രീകളെയാണ് നിയമിച്ചിരിക്കുന്നത്. ആധുനിക രീതിയിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് പോലീസ് അക്കാഡമികളെ നവീകരിക്കും. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോഗ്രാമിന്റെ പരിധിയിൽ കൂടുതൽ സ്കൂളുകളെ ഉൾപ്പെടുത്തും. കുഞ്ഞുങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, സ്ത്രീകൾ എന്നിവർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തി മതിയായ ശിക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കും. കസ്റ്റഡി മരണം, ലോക്കപ്പ് മർദ്ദനം എന്നിവ ഇല്ലാതാക്കുന്നതിന് തികഞ്ഞ ജാഗ്രത കാണിക്കുന്നതാണ്. പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഗുണ്ടാമാഫിയകളെ നിയമത്തിന്റെ മുന്നിൽകൊണ്ടുവരാനുമുള്ള നടപടി കാര്യക്ഷമമാക്കുന്നതാണ്. സ്ത്രീകൾ, കുഞ്ഞുങ്ങൾ, വൃദ്ധർ എന്നിവരോട് വിനയത്തോടെ പെരുമാറണമെന്നും ജനസൗഹൃദപരമായ സംസ്കാരം പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പെൺവാണിഭ സംഘങ്ങളെ ഉന്മൂലനം ചെയ്യുകയെന്നുള്ളത് സർക്കാർ നയമാണ്.

ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും അച്ചടിയും സ്റ്റേഷനറിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ്

അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 02.06-ന് പിരിഞ്ഞു.)